**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2012** **09-02-2023 - ൽ മറുപടിയ്ക്ക്**

**കെ-ഡിസ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഡിസ്ക് മെമ്പർ സെക്രട്ടറി സ്ഥാനത്തേയ്ക്ക് വിജ്ഞാപനം ക്ഷണിച്ചതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത സ്ഥാനത്തേയ്ക്ക് എത്രപേർ അപേക്ഷിച്ചുവെന്നും തെരഞ്ഞെടുപ്പ് നടത്തിയ രീതി എങ്ങനെയെന്നും വ്യക്തമാക്കാമോ; | (എ) | 2013- ൽ രൂപീകരിച്ച കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ പുന:സംഘടിപ്പിച്ചാണ് കേരള ഡെവലപ്മെന്റ് ആന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC) രൂപീകരിച്ചത്.<br><br>G.O.(MS) No.8/2021/P&EA dated 24.02.2021 പ്രകാരം അംഗീകരിച്ച The Memorandum of Association and Rules & Regulation of KDISC ഖണ്ഡിക XXI -ൽ കെ- ഡിസ്ക് മെമ്പർ സെക്രട്ടറിയുടെ യോഗ്യത നിശ്ചയിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിലിന്റെ സ്ട്രാറ്റജിക് അഡ്വൈസറെ കെ-ഡിസ്കിന്റെ മെമ്പർ സെക്രട്ടറിയായി 01.06.2021- ലെ G.O.(MS) No.3/2021/P&EA ഉത്തരവ് പ്രകാരം നിയമിക്കുകയാണ് ഉണ്ടായത്. |
| (ബി) | കെ-ഡിസ്ക് നടത്തിയിട്ടുള്ള സെമിനാറുകൾ, മീറ്റിങ്ങുകൾ, മറ്റ് യോഗങ്ങൾ എന്നിവയ്ക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ; | (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ കെ-ഡിസ്കിന്റെ കീഴിലുള്ള 5 പദ്ധതികളിൽ സെമിനാറുകൾ, മീറ്റിങ്ങുകൾ, മറ്റ് യോഗങ്ങൾ എന്നിവയ്ക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കെ-ഡിസ്കിലേയ്ക്കുള്ള നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ ഒഴിവാക്കിയത് എന്തുകൊണ്ടാണെന്നും സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ കരാർ നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ ആശ്രയിക്കണമെന്ന പൊതുഭരണ വകുപ്പിന്റെ ഉത്തരവ് കെ-ഡിസ്കിന് ബാധകമാണോയെന്നും എങ്കിൽ പ്രസ്തുത ഉത്തരവ് ലംഘിച്ച് നടത്തിയ കരാർ നിയമനങ്ങൾ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ; | (സി) | കെ-ഡിസ്കിലെ നിയമനങ്ങൾ സി.എം.ഡി. മുഖേനയാണ് നടത്തിവരുന്നത്. |
| (ഡി) | കെ-ഡിസ്കിന് എതെല്ലാം ജില്ലകളിൽ ഓഫീസുകളുണ്ടെന്നും പ്രസ്തുത ഓഫീസുകളിൽ | (ഡി) | കെ-ഡിസ്കിന് ഓഫീസുള്ളത് തിരുവനന്തപുരം ജില്ലയിലാണ്. 14 ജില്ലകളിലും ഫീൽഡ് |

| | | | |
|---|---|---|---|
| | അല്ലാതെ മാറ്റെവിടെയെങ്കിലും ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഇവരുടെ ജോലി സമയം എങ്ങനെ നിരീക്ഷിക്കുന്നുവെന്നും വിശദമാക്കാമോ? | | പ്രവർത്തനങ്ങൾക്ക് നിയമിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ജോലിസമയം ZOHO \| BI TRI X എന്ന സംവിധാനങ്ങളിലൂടെ നിരീക്ഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## 2022-23 സാമ്പത്തിക വർഷത്തിൽ കെ-ഡിസ്ക് നടത്തിയ സെമിനാറുകൾ, മീറ്റിംഗുകൾ, മറ്റ് യോഗങ്ങൾ എന്നിവയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

| Sl. No. | Project | Amount (₹) |
|---|---|---|
| 1 | Kerala Knowledge Economy Mission (KKEM) | 9,000 |
| 2 | Manchadi-Teach Maths for Kerla | 6,07,459 |
| 3 | Mazhavillu- Teach Science for Kerala | 4,69,056 |
| 4 | Miscellaneous | 5,310 |
| 5 | Multi Stakeholder Platform (MSP) | 20,000 |
| 6 | Young Innovators Programme(YIP) | 5,282 |
| | **TOTAL** | **11,16,107** |